2026
OCTOBER
19
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

# ഇന്ത്യയുടെ ജിഡിപി വളർച്ച 7.3% വരെ ഉയരുമെന്ന് ഡെലോയിറ്റ്

**ന്യൂദൽഹി:** ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് മികച്ച വളർച്ചാ പ്രവചനവുമായി ആഗോള കൺസൾട്ടിങ് സ്ഥാപനമായ ഡെലോയിറ്റ് ഇന്ത്യ. 202627 സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനമായ ജിഡിപി 7.1 മുതൽ 7.3 ശതമാനം വരെ വളർച്ച കൈവരിക്കുമെന്നാണ് ഡെലോയിറ്റിന്റെ വിലയിരുത്തൽ.

സ്വകാര്യ നിക്ഷേപത്തിലുണ്ടാകുന്ന ഉണർവും ആഭ്യന്തര സാമ്പത്തിക പ്രവർത്തനങ്ങളിലെ പുരോഗതിയും വളർച്ചയ്ക്ക് കൂടുതൽ കരുത്തേകുമെന്നാണ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണം.

കഴിഞ്ഞ പത്ത് വർഷമായി കുടുംബങ്ങളുടെ ഉപഭോഗച്ചെലവും പൊതുമേഖലയുടെ അടിസ്ഥാന സൗകര്യ നിക്ഷേപവുമാണ് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്ക് പ്രധാന പിന്തുണയായായത്. റോഡുകൾ, റെയിൽവേ, തുറമുഖങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ മേഖലകളിലെ സർക്കാർ നിക്ഷേപം സാമ്പത്തിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. എന്നാൽ ഇപ്പോൾ സ്വകാര്യ മേഖലയിലെ നിക്ഷേപം കൂടുതൽ സജീവമാകാനുള്ള സാഹചര്യങ്ങൾ ഒരുങ്ങുന്നതായാണ് ഡെലോയിറ്റ് വിലയിരുത്തുന്നത്.

2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഇന്ത്യയുടെ മൊത്ത സ്ഥിര മൂലധന രൂപീകരണം 11.9 ശതമാനം വളർച്ച രേഖപ്പെടുത്തി. നാല് വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന വളർച്ചയാണിത്.

രാജ്യത്ത് പുതിയ ഫാക്ടറികൾ, യന്ത്രങ്ങൾ, ഉൽപ്പാദന കേന്ദ്രങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി നടത്തുന്ന നിക്ഷേപങ്ങളുടെ പ്രവണത വിലയിരുത്താൻ സഹായിക്കുന്ന പ്രധാന സൂചകമാണ് മൊത്ത സ്ഥിര മൂലധന രൂപീകരണം. ഇതിലെ വർധന സ്വകാര്യ നിക്ഷേപം ശക്തമാകുന്നതിന്റെ സൂചനയായി കണക്കാക്കപ്പെടുന്നു.

മെച്ചപ്പെട്ട ഗതാഗതവ്യാപാര ബന്ധങ്ങൾ, കമ്പനികളുടെ ശക്തമായ സാമ്പത്തിക സ്ഥിതി, ഉൽപ്പാദന ശേഷിയുടെ വർധിച്ച ഉപയോഗം എന്നിവയാണ് സ്വകാര്യ നിക്ഷേപം ഉയരാൻ




അനുകൂലമായ ഘടകങ്ങൾ.

ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആവശ്യകത വർധിക്കുന്നതും നിലവിലുള്ള ഉൽപ്പാദന ശേഷി കൂടുതൽ ഉപയോഗിക്കേണ്ട സാഹചര്യം സൃഷ്ടിക്കുന്നതും കമ്പനികളെ പുതിയ നിക്ഷേപങ്ങൾക്ക് പ്രേരിപ്പിച്ചേക്കാം. അതേസമയം, 202728 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 6.6 മുതൽ 7 ശതമാനം വരെയായിരിക്കുമെന്നാണ് ഡെലോയിറ്റിന്റെ പ്രവചനം.

സെമികണ്ടക്ടറുകൾ, ഇലക്ട്രോണിക്സ്, പ്രതിരോധ ഉൽപ്പാദനം, ശുദ്ധ ഊർജം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ തന്ത്രപ്രധാന മേഖലകളിലെ നിക്ഷേപം വരും വർഷങ്ങളിൽ സ്വകാര്യ മൂലധനച്ചെലവിന് കൂടുതൽ ഉത്തേജനം നൽകുമെന്നാണ് പ്രതീക്ഷ.

ആഭ്യന്തര ഉൽപ്പാദനം വർധിപ്പിക്കുന്നതിനും സാങ്കേതികവിദ്യാ ശേഷി മെച്ചപ്പെടുത്തുന്നതിനും ഈ മേഖലകളിലെ നിക്ഷേപം സഹായകമായേക്കും. എന്നാൽ വളർച്ചാ പ്രതീക്ഷകൾക്കൊപ്പം ചില വെല്ലുവിളികളും നിലനിൽക്കുന്നുണ്ട്.

ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ, ഊർജവിലയിലെ ചാഞ്ചാട്ടം, ആഗോള വ്യാപാര തടസ്സങ്ങൾ എന്നിവ സാമ്പത്തിക വളർച്ചയെ ബാധിക്കാമെന്ന് ഡെലോയിറ്റ് മുന്നറിയിപ്പ് നൽകുന്നു. ഇന്ധനവില ഉയരുന്നത് ഉൽപ്പാദനഗതാഗത ചെലവുകൾ വർധിപ്പിക്കാനും ആഗോള വ്യാപാരത്തിലെ അനിശ്ചിതത്വം കയറ്റുമതിയെ ബാധിക്കാനും സാധ്യതയുണ്ട്.

ഡെലോയിറ്റിന്റെ വളർച്ചാ പ്രവചനം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും സാമ്പത്തിക സഹകരണ വികസന സംഘടനയായ ഒഇസിഡിയുടെയും 7.1 ശതമാനം വളർച്ചാ കണക്കിന് സമാനമാണ്. അന്താരാഷ്ട്ര നാണയനിധിയായ ഐഎംഎഫ്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, എസ് ആൻഡ് പി ഗ്ലോബൽ റേറ്റിങ്സ്, മൂഡീസ് എന്നിവ ഇന്ത്യയുടെ വളർച്ച ഏഴ് ശതമാനമായിരിക്കുമെന്നാണ് പ്രവചിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ, ശക്തമായ ആഭ്യന്തര ആവശ്യകതയ്ക്കൊപ്പം സ്വകാര്യ നിക്ഷേപം കൂടി വർധിക്കുന്നത് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് പുതിയ ഊർജം നൽകുമെന്നാണ് പ്രതീക്ഷ. എന്നാൽ ആഗോള സാമ്പത്തിക സാഹചര്യങ്ങളും ഊർജവിലയിലെ മാറ്റങ്ങളും ഈ വളർച്ചയെ എത്രത്തോളം സ്വാധീനിക്കുമെന്നതും നിർണായകമാണ്.വരും വർഷങ്ങളിൽ ഇന്ത്യയുടെ വളർച്ചയുടെ വേഗം നിർണയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് സ്വകാര്യ നിക്ഷേപത്തിന്റെ തുടർച്ചയായ മുന്നേറ്റമായിരിക്കും.സ്വകാര്യ നിക്ഷേപം വർധിക്കുന്നത് രാജ്യത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉൽപ്പാദന മേഖലയുടെ വളർച്ച വേഗത്തിലാക്കുന്നതിനും സഹായിക്കും. കമ്പനികൾ പുതിയ പദ്ധതികൾ ആരംഭിക്കുകയും നിലവിലുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നതോടെ സമ്പദ്വ്യവസ്ഥയിൽ പണത്തിന്റെ ഒഴുക്ക് വർധിക്കാനും സാധ്യതയുണ്ട്.

# രാജേഷ് വാര്യരെ ഫെഡറൽ ബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ അഡീഷ്ണൽ ഡയറക്ടറായി നിയമിച്ചു



**ആലുവ:** ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1949, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, ഫെഡറൽ ബാങ്ക് ലിമിറ്റഡിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ അഡീഷണൽ ഡയറക്ടറായി (നോൺഎക്സിക്യൂട്ടീവ് ഇൻഡിപെൻഡന്റ് ഡയറക്ടർ) രാജേഷ് വാര്യരെ നിയമിച്ചു. നോമിനേഷൻ, റീമ്യൂണറേഷൻ, എത്തിക്സ് ആൻഡ് കോമ്പൻസേഷൻ കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. ഇന്നു(ഒക്ടോബർ 16) ചേർന്ന ഡയറക്ടർ ബോർഡ് യോഗം ഈ നിയമനത്തിന് അംഗീകാരം നൽകി. ഇന്നു മുതൽ പ്രാബല്യത്തിൽ വരുന്ന നീയമനത്തിന്റെ കാലാവധി മൂന്ന് വർഷത്തേക്കായിരിക്കും.

സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) ലിസ്റ്റിംഗ് റെഗുലേഷൻസിലെ നിർദ്ദേശങ്ങൾ അനുസരിച്ച്, അടുത്ത ജനറൽ ബോഡി യോഗത്തിലോ നിയമന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിലോ ഈ നിയമനത്തിന് ഓഹരി ഉടമകളുടെ അംഗീകാരം തേടുന്നതാണ്.

ഫെഡറൽ ബാങ്കിന്റെ നിലവിലെ മറ്റ് ഡയറക്ടർമാരുമായോ കീ മാനേജീരിയൽ ജീവനക്കാരുമായോ രാജേഷ് വാര്യരെ യാതൊരു വിധ കുടുംബബന്ധങ്ങളുമില്ല. കൂടാതെ, സെബിയുടെയോ മറ്റ് അധികാരികളുടെയോ ഉത്തരവ് പ്രകാരം ഡയറക്ടർ പദവി വഹിക്കുന്നതിൽ നിന്ന് ഇദ്ദേഹത്തെ വിലക്കിയിട്ടില്ലെന്നും ബാങ്ക് ഔദ്യോഗികമായി സ്ഥിരീകരിച്ചു. ബാങ്കിന്റെ വളർച്ചയ്ക്കും പ്രവർത്തനങ്ങൾക്കും ഇദ്ദേഹത്തിന്റെ ബാങ്കിംഗ്, ഭരണപരിചയം വലിയ കരുത്തേകുമെന്ന് ബോർഡ് വ്യക്തമാക്കി.

# എഥനോൾ വിതരണം 987 കോടി ലിറ്ററിലേക്ക്; 71 ശതമാനവും ധാന്യങ്ങളിൽ നിന്ന്

**ന്യൂദൽഹി:** 2025 നവംബർ മുതൽ ഈ വർഷം സെപ്റ്റംബർ വരെയുള്ള എഥനോൾ വിതരണം 987 കോടി ലിറ്ററിലെത്തി. ഇതിൽ 71 ശതമാനത്തിലധികവും ധാന്യ അധിഷ്ഠിത അസംസ്കൃത വസ്തുക്കളിൽനിന്നുള്ളതാണ്.

ഈ കാലയളവിൽ ആകെ കരാർ പ്രകാരമുള്ള വിഹിതം 1,197 കോടി ലിറ്ററായിരുന്നു. കരാർ ലക്ഷ്യത്തിന്റെ 82.5 ശതമാനം കൈവരിക്കാനായെന്ന് ഓൾ ഇന്ത്യ ഡിസ്റ്റിലേഴ്സ് അസോസിയേഷൻ (എ.ഐ.ഡി.എ) പ്രസ്താവനയിൽ വ്യക്തമാക്കി.

ധാന്യ അധിഷ്ഠിത അസംസ്കൃത വസ്തുക്കളിൽനിന്ന് 705 കോടി ലിറ്റർ എഥനോൾ ലഭിച്ചു. ആകെ ലഭിച്ചതിന്റെ 71.4 ശതമാനമാണിത്. ഈ വിഭാഗത്തിൽ ലക്ഷ്യമിട്ടതിന്റെ 77.6 ശതമാനം കൈവരിക്കാൻ കഴിഞ്ഞു. ധാന്യ അധിഷ്ഠിത വിഭാഗത്തിൽ 908 കോടി ലിറ്ററാണ് ലഭിക്കേണ്ടിയിരുന്നത്.

ധാന്യ അധിഷ്ഠിത അസംസ്കൃത വസ്തുക്കളിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് ചോളമാണ്. 413 കോടി ലിറ്റർ എഥനോൾ ചോളത്തിൽനിന്ന് ലഭിച്ചു. എഫ്.സി.ഐയുടെ അധിക അരിയിൽനിന്ന് 222 കോടി ലിറ്റർ ലഭിച്ചു.




# യുവ സംരംഭകരിൽ ചൈനയെയും ബ്രിട്ടനെയും പിന്നിലാക്കി ഇന്ത്യൻ കുതിപ്പ്; യുവസംരംഭകരുടെ കേന്ദ്രമായി ബെംഗളൂരു

**ബെംഗളൂരു:** വളർന്നുവരുന്ന യുവ സംരംഭകരുടെ പട്ടികയിൽ ബ്രിട്ടനെയും ചൈനയെയും പിന്തള്ളി ഇന്ത്യ ഒന്നാമത്. 2026ലെ അലയൻസ് ഗ്ലോബൽ ഇൻവെസ്റ്റേഴ്സ്ഹുറൂൺ അണ്ടർ 35 പട്ടികയിൽ 180 ഇന്ത്യക്കാരാണ് ഇടം നേടിയത്. ചൈനയിൽ നിന്ന് 101 പേരും ബ്രിട്ടന്റെ പട്ടികയിൽ 62 പേരുമാണുള്ളത്.

അണ്ടർ 35 പട്ടികകളിലെ സ്ത്രീകളുടെ എണ്ണത്തിലും ഇന്ത്യയാണ് മുന്നിൽ. ഇന്ത്യയുടെ പട്ടികയിൽ 23 സ്ത്രീകളുണ്ട്. ചൈനയിൽ 21 പേരും ബ്രിട്ടനിൽ 10 പേരുമാണ്.

ഇന്ത്യയുടെ 2026 പട്ടികയിലെ 23 സ്ത്രീകളിൽ 12 പേർ കുടുംബ ബിസിനസുകളുടെ അടുത്ത തലമുറയിൽ നിന്നുള്ളവരും 11 പേർ ആദ്യതലമുറ സംരംഭകരുമാണ്. മുൻവർഷത്തെ അപേക്ഷിച്ച് സ്ത്രീ പ്രാതിനിധ്യം 53 ശതമാനം ഉയർന്നതായും ഹുറൂൺ കണക്കുകൾ വ്യക്തമാക്കുന്നു.

പട്ടികയിലെ ആകെ എണ്ണത്തിൽ ഇന്ത്യ മുന്നിലാണെങ്കിലും ആദ്യതലമുറ സംരംഭകരുടെ വിഹിതത്തിൽ ബ്രിട്ടനാണ് ഒന്നാമത്. ബ്രിട്ടീഷ് പട്ടികയിലെ 85 ശതമാനം പേരും ആദ്യതലമുറ സംരംഭകരാണ്. ഇന്ത്യയിൽ ഇത് 71 ശതമാനവും ചൈനയിൽ 63 ശതമാനവുമാണ്.

ഇന്ത്യയിലെ യുവ ബിസിനസ് നേതാക്കളുടെ പ്രധാന കേന്ദ്രമായി ബെംഗളൂരു തുടരുകയാണ്. അണ്ടർ 35 പട്ടികയിലെ 52 സംരംഭകർ ബെംഗളൂരുവിലാണ് താമസിക്കുന്നത്.
സേവനങ്ങൾ കണ്ടെത്തുക

ഞമീിൃുമ്യ സഹസ്ഥാപകൻ ഹർഷിൽ മാഥൂർ, ആമഴാമില ഉല്ലഹീുലൃന്റെ ആദിത്യ ബാഗ്മാനെ, ജോയ്ആലുക്കാസിന്റെ തോമസ് മാത്യു എന്നിവരും ബെംഗളൂരുവിലാണ് വാസം.പട്ടികയിലെ കമ്പനികളുടെ ആസ്ഥാനങ്ങളുടെ എണ്ണത്തിലും ബെംഗളൂരു ഒന്നാമതാണ്; 35 കമ്പനികളുടെ ആസ്ഥാനമാണ് നഗരത്തിലുള്ളത്. മുംബൈ 28, ഗുരുഗ്രാമിൽ 14 എന്നിങ്ങനെ കമ്പനികളുടെ ആസ്ഥാനങ്ങളുണ്ട്.

സംസ്ഥാന അടിസ്ഥാനത്തിൽ കർണാടകയാണ് മുന്നിൽ. 53 പേരാണ് സംസ്ഥാനത്തുനിന്ന് പട്ടികയിലുള്ളത്. മഹാരാഷ്ട്രയിൽ നിന്ന് 35 പേരും ഡൽഹിയിൽ നിന്ന് 25 പേരുമുണ്ട്.ഇന്ത്യൻ അണ്ടർ35 പട്ടികയിൽ സോഫ്റ്റ്വെയർ പ്രോഡക്ട്സ് ആൻഡ് സർവീസസ് മേഖലയാണ് ഏറ്റവും കൂടുതൽ പ്രാതിനിധ്യമുള്ളത്.



# നെല്ലുസംഭരണം വർധിപ്പിക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്

**തിരുവനന്തപുരം:** ഭക്ഷ്യഭദ്രത ഉറപ്പാക്കുന്നതിനായി സപ്ലൈകോയുടെ നേതൃത്വത്തിലുള്ള സംഭരണം വർധിപ്പിക്കുമെന്ന് ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃ, ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. 2021 ൽ നെല്ല് സംഭരണം 7.5 ലക്ഷം മെട്രിക് ടൺ ആയിരുന്നത് ഈ വർഷം അഞ്ച് ലക്ഷത്തി മുപ്പതിനായിരം മെട്രിക് ടണ്ണായി ചുരുങ്ങി. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുമെന്നും മന്ത്രി പറഞ്ഞു. വഴുതക്കാട് മൗണ്ട് കാർമൽ ഹാളിൽ ലോക ഭക്ഷ്യ ദിനാഘോഷവും സപ്ലൈകോ ദിനാഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഭക്ഷ്യഭദ്രത എന്ന ലക്ഷ്യം മുൻനിർത്തി പൊതുവിതരണവകുപ്പിന്റെ സമഗ്രമായ നവീകരണവും ശാക്തീകരണവും നടപ്പാക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. 24 മണിക്കൂറും പ്രവർത്തിക്കുന്ന സപ്ലൈകോ സ്റ്റോറുകൾ ഉള്ള നാടായി കേരളം മാറുകയാണ്. ടൈഡ് ഓവർ വിഹിതം വർധിപ്പിക്കുന്നതടക്കമുള്ള ആവശ്യങ്ങൾ കേന്ദ്രസർക്കാരിന് മുന്നിൽ വെച്ചിട്ടുണ്ട്. സർക്കാരിന്റെ ആദ്യ നൂറുദിന കർമപദ്ധതിയിൽ ലക്ഷ്യമിട്ട മുൻഗണന കാർഡുകൾ കൊടുക്കുക, സഞ്ചരിക്കുന്ന റേഷൻ കടകൾ ആദിവാസി മേഖലകളിലേക്ക് എത്തിക്കുക, പുതിയ ആധുനിക സ്റ്റോറുകൾ തുടങ്ങുക മുതലായ എല്ലാ പദ്ധതികളും വകുപ്പ് പൂർത്തിയാക്കിയെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ സപ്ലൈകോയും ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യങ്ങളും എന്ന പഠന റിപ്പോർട്ട് മന്ത്രി അനൂപ് ജേക്കബ് പ്രകാശനം ചെയ്തു. ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ് പുസ്തകം ഏറ്റുവാങ്ങി. 202526ൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കും ഉള്ള പുരസ്കാരം മന്ത്രി അനൂപ് ജേക്കബ് സമ്മാനിച്ചു. മേയർ വി വി രാജേഷ്, കൗൺസിലർ രാഖി രവികുമാർ, സംസ്ഥാന ഭക്ഷ്യ കമ്മിഷൻ ചെയർപേഴ്സൺ ഡോ. ജിനു സക്കറിയ ഉമ്മൻ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് കമ്മിഷണർ ഡോ. കെ ഹരികുമാർ, സപ്ലൈകോ മാനേജിങ് ഡയറക്ടർ ജയകൃഷ്ണൻ, പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ ഹിമ കെ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി ആൻഡ് രജിസ്ട്രാർ സൂരജ് പി. ടി., എന്നിവർ സന്നിഹിതരായിരുന്നു.



# നവരാത്രിക്ക് നിറസാന്നിധ്യമാകാൻ വാഗ്ദേവി ശിൽപങ്ങളെത്തി

**നെയ്യാറ്റിൻകര:** മലയാളിയുടെ നവരാത്രി ആഘോഷങ്ങളിലെ നിറസാന്നിധ്യമായി പതിവു തെറ്റിക്കാതെ വാഗ്ദേവതാ ശിൽപങ്ങളുമായി അയൽസംസ്ഥാന കലാകാരന്മാർ ഇക്കുറിയും നിരത്തിൽ പ്രത്യക്ഷപ്പെട്ടു. പൂജ വയ്പ് ആഘോഷങ്ങൾക്ക് ഇന്നലെ തുടക്കമായി.

വിജ്ഞാനത്തിന്റെ ദേവിയായ സരസ്വതി ദേവിയുടെ ശിൽപങ്ങളുമായി അന്യസംസ്ഥാനത്തൊഴിലാളികൾ തലസ്ഥാന ജില്ലയുടെ പല പ്രദേശങ്ങളിലും പാതയോരങ്ങളിൽ രണ്ടാഴ്ച മുൻപേ ഇടം പിടിച്ചിരുന്നു. കുടുംബസമേതം പാർക്കുന്നവർ മുതൽ ഉത്സവ സീസണിൽ വ്യാപാരത്തിനു മാത്രമായി വരുന്നവർ വരെ വിൽപനക്കാരുടെ കൂട്ടത്തിലുണ്ട്. റോഡരികിൽ താത്കാലികമായി ടെൻറുകൾ കെട്ടിയാണ് ഈ കുടുംബങ്ങളുടെ താമസം. പല വലിപ്പത്തിലും വർണങ്ങളിലുമുള്ള സരസ്വതി ദേവി ശിൽപങ്ങൾ ഇവർ തയാറാക്കുന്നു. പ്ലാസ്റ്റർ ഓഫ് പാരിസ്, മണ്ണ് മുതലായവ ഉപയോഗിച്ചാണ് ശിൽപ നിർമാണം. ശിൽപങ്ങളുടെ വലിപ്പം അനുസരിച്ച് വിലയിലും വ്യത്യാസമുണ്ട്.

നവരാത്രി ദിനങ്ങളിൽ വിദ്യാലയങ്ങളിലും സാംസ്കാരിക സംഘടന സ്ഥാപനങ്ങളിലും വീടുകളിലും ശിൽപങ്ങൾ വാങ്ങി പൂജവെക്കാനായി നിരവധി പേരാണ് കഴിഞ്ഞ ദിവസങ്ങളിൽ പാതയോരത്തെ വിൽപന സങ്കേതങ്ങളിൽ എത്തിയത്. നന്നായി വില പേശി വാങ്ങുന്നവരാണ് കൂടുതലുമെന്ന് അന്യസംസ്ഥാനകലാകാരന്മാർ ചൂണ്ടിക്കാട്ടി. അന്യനാടുകളിൽ നിന്ന് ജീവനോപാധി തേടിയെത്തുന്ന ഈ അന്യസംസ്ഥാനത്തൊഴിലാളികളുടെ കഠിനാധ്വാനവും ശിൽപനിർമാണ വൈദഗ്ധ്യവും മലയാളികളുടെ നവരാത്രി ആഘോഷങ്ങൾക്ക് കൂടുതൽ നിറം പകരുന്നുവെന്നതിൽ സംശയമില്ല.



# കുസാറ്റിൽ ഭരണഭാഷാ വാരാഘോഷം: അറയുടെ ലോഗോ പ്രകാശനം ചെയ്തു

**കൊച്ചി:** ഭരണ ഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടക്കുന്ന സാംസ്കാരികോത്സവം അറ വിജ്ഞാനത്തിന്റെയും സംവാദത്തിന്റെയും ഇടം' എന്ന പരിപാടിയുടെ ലോഗോ കുസാറ്റ് രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി പ്രകാശനം ചെയ്തു. പരിപാടിയിൽ കമ്മിറ്റീ അംഗങ്ങൾ ഉൾപ്പടെ പങ്കെടുത്തു. നവംബർ 2ന് ഉച്ചക്ക് 1:30ക്ക് പരിപാടി ഉദ്ഘാടനം ചെയ്യും. വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ, എഴുത്തുകാർ, മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ള സായാഹ്ന ചർച്ചകളും ഇതിനോടൊപ്പം സംഘടിപ്പിക്കും. കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർത്ഥി ഗോകുൽ നിർദ്ദേശിച്ച പേരുകളിൽ നിന്നാണ് അറ എന്ന പേരിലേക്ക് സംഘാടക സമിതി എത്തിച്ചേർന്നത്.

# സംസ്കൃത സർവകലാശാലയിൽ യു.ജി.സി. നെറ്റ് / ജെ.ആർ.ഫ്. പരിശീലനം

**കാലടി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ പ്രവർത്തിക്കുന്ന കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ യു.ജി.സി. നെറ്റ് / ജെ.ആർ.എഫ്. പരിശീലനം സംഘടിപ്പിക്കുന്നു. ഓൺലൈനായി നടത്തുന്ന പരിശീലനം ഒക്ടോബർ 26ന് ആരംഭിക്കും. 45 ദിവസമാണ് പരിശീലനം. ജനറൽ പേപ്പർ ഒന്നിനാണ് പരിശീലനം സംഘടിപ്പിക്കുന്നത്. വൈകിട്ട് 7.30 മുതൽ 9 വരെയാണ് ക്ലാസ്സുകൾ. റെക്കോർഡ് ചെയ്ത ക്ലാസുകൾ പരീക്ഷ കഴിയുന്നതുവരെ ലഭിക്കും. ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെയും പുറമേ നിന്നുള്ള വിദ്യാർത്ഥികൾക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9048969806.





# ശബരിമലയെ രാജ്യത്തെ ഏറ്റവും മികച്ച തീർഥാടന കേന്ദ്രമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി

**പമ്പ:** ശബരിമലയെ രാജ്യത്തെ ഏറ്റവും മികച്ച തീർത്ഥാടന കേന്ദ്രമാക്കി മാറ്റുമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. മണ്ഡല മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങളും മുന്നൊരുക്കങ്ങളും വിലയിരുത്തുന്നതിന് പമ്പ ശ്രീരാമസാകേതം ഓഡിറ്റോറിയത്തിൽ ചേർന്ന വിവിധ വകുപ്പുകളുടെ അവലോകന, ഏകോപന യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു സതീശൻ.

ഈ തീർഥാടന കാലയളവ് കഴിഞ്ഞാൽ ശബരിമലയിലെത്തുന്ന ഭക്തർക്ക് തിരുപ്പതി മോഡലിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്നും സതീശൻ പറഞ്ഞു.

ശബരിമലയിലെത്തുന്ന അയ്യപ്പഭക്തർക്ക് വഴിപാട്, പ്രസാദം തുടങ്ങിയവ ദേവസ്വം ബോർഡ് ഉറപ്പാക്കും. അപ്പം, അരവണ തുടങ്ങിയവയ്ക്ക് ഇത്തവണ ക്ഷാമം ഉണ്ടാകില്ലെന്ന് ദേവസ്വം ബോർഡ് പ്രസിഡൻറ് ഉറപ്പ് നൽകിയതായും മുഖ്യമന്ത്രി വ്യക്തമാക്കി. ഭക്തരുടെ സുഗമദർശനത്തിനും സുരക്ഷയ്ക്കും പൊലിസ്, ഫയർ ഫോഴ്സ് സേന എന്നിവയെ അതത് സേനാ മേധാവിമാരുടെ നേതൃത്വത്തിൽ വിന്യസിക്കും. പമ്പയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് മാലിന്യ പ്രശ്നമാകാതിരിക്കാൻ നിയന്ത്രണ സംവിധാനം ഉറപ്പാക്കും. ഇടത്താവളങ്ങളിലെ സൗകര്യങ്ങൾ വർധിപ്പിക്കും.

പമ്പയിലെ തിരക്ക് കുറയ്ക്കാൻ നിലയ്ക്കലിൽ ഭക്തരെ സുഗമമായി നിയന്ത്രിക്കാനായി 6000 പേരെ ഉൾക്കൊള്ളുന്ന ജർമൻ മാതൃകയിലുള്ള ഷെഡ് നിർമിക്കും. ശബരിമലയിലെയും പമ്പയിലെയും തിരക്ക് വിലയിരുത്തിയാകും നിലയ്ക്കലിൽ നിന്ന് ആളുകളെ പമ്പയിലേക്ക് അയയ്ക്കുക.

22 മെഡിക്കൽ എമർജൻസി യൂണിറ്റുകൾ സജ്ജമാക്കും. മാലിന്യ നിർമാർജനം സമയ ബന്ധിതമായി നടപ്പിലാക്കും. ശബരിമല തീർത്ഥാടകർക്കായി 461 ബസുകളാണ് കെഎസ്ആർടിസി സജ്ജമാക്കുന്നത്. പമ്പ നിലയ്ക്കൽ ബസ് സർവീസും ഇതിനൊപ്പമുണ്ടാകും. വിവിധ ക്ഷേത്രങ്ങളെയും ശബരിമലയെയും ചേർത്ത് ടെമ്പിൾ കണക്ടിവിറ്റി ഉറപ്പാക്കും. റോഡ് സുരക്ഷ കർശനമാക്കാൻ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തും. ചാലക്കയം റോഡ് പിഡബ്ല്യുഡിയുടെ നേതൃത്വത്തിൽ 15 കോടി രൂപ മുടക്കി നവീകരിക്കുകയാണ്. നിർമാണം വേഗത്തിൽ പൂർത്തിയാക്കും.

സുരക്ഷാ ചുമതലകൾക്കായി എത്തുന്ന പൊലിസ് സേനയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു. നിലയ്ക്കലിൽ പുതുതായി നിർമാണം പൂർത്തിയായ പൊലിസ് ബാരക്കിൽ 600 പേർക്ക് സൗകര്യമുണ്ട്. പഴയ ബാരക്കിന്റെ പ്പണി പൂർത്തിയാക്കണം. നിലയ്ക്കലിൽ ജർമൻ മാതൃകയിലുള്ള പന്തലോടെയുള്ള പൊലിസ് എയ്ഡ് പോസ്റ്റ് നിർമാണം, പമ്പാ, സന്നിധാനം പൊലിസ് മെസ്, പമ്പ പഴയ പൊലിസ് സ്റ്റേഷൻ, സന്നിധാനത്തെ എസ്എച്ച്ഒയുടെ സ്റ്റേഷൻ തുടങ്ങി പൊലിസിനായുള്ള സൗകര്യങ്ങളുടെ അറ്റകുറ്റപ്പണി എന്നിവ ദേവസ്വം ബോർഡ് സമയബന്ധിതമായി നടത്തണം. മാലിന്യ സംസ്കരണത്തിനും ശുചിത്വത്തിനും ഏറ്റവും പ്രാധാന്യം നൽകണം. കുടിവെള്ള വിതരണത്തിന് കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകണം. തീർഥാടകർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് പരമാവധി സഹായം നൽകണമെന്നും വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

മുഖ്യമന്ത്രി പങ്കെടുത്ത പമ്പയിൽ നടന്ന അവലോകന യോഗത്തിൽ ഏഴ് മന്ത്രിമാരാണ് സംബന്ധിച്ചത്. ശബരിമല ക്രമീകരണങ്ങളുമായി നേരിട്ടു ബന്ധമുള്ള ആഭ്യന്തരം, പൊതുമരാമത്ത്, തദ്ദേശ വകുപ്പുകളൊഴികെയുള്ള മന്ത്രിമാർ യോഗത്തിൽ പങ്കെടുത്തു. പൊതുമരാമത്ത്, തദ്ദേശ വകുപ്പ് മന്ത്രിമാർ നേരത്തേ ശബരിമലയിലെത്തിയിരുന്നു.

തീർഥാടനവുമായി ബന്ധപ്പെട്ടു തങ്ങളുടെ വകുപ്പുകൾ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ ഉദ്യോഗസ്ഥർ വിശദീകരിച്ചു. എംപിമാർ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ എംഎൽഎമാർ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ദീനാമ്മ റോയി, വൈസ് പ്രസിഡൻറ് അനീഷ് വരിക്കണ്ണാമല, പത്തനംതിട്ട നഗരസഭ ചെയർപേഴ്സൺ സിന്ധു അനിൽ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർ, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലാ കളക്ടർമാർ, എഡിജിപി പി. വിജയൻ, ഐജി നിശാന്തിനി, ജില്ലാ പൊലിസ് മേധാവിമാർ, ആരോഗ്യം, ഗതാഗതം, റവന്യൂ, പൊതുമരാമത്ത്, ദേവസ്വം, വനം തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിമാർ, കെഎസ്ആർടിസി എംഡി തുടങ്ങി ഉന്നത ഉദ്യോഗസ്ഥരുടെ നീണ്ട നിര!യാണ് അവലോകന യോഗത്തിനെത്തിയത്.

അവലോകനയോഗത്തിനുശേഷം ഉച്ചകഴിഞ്ഞ് മുഖ്യമന്ത്രി സതീശൻ ശബരിമല സന്നിധാനത്തേക്ക് പോയത് ശക്തമായ മഴയിലാണ്. പമ്പയിൽ നിന്നും സന്നിധാനത്തേക്കുള്ള മലകയറ്റം അയ്യപ്പഭക്തർക്കൊപ്പമായിരുന്നു.

കറുത്ത ഷർട്ടും മുണ്ടും ധരിച്ച് അയ്യപ്പഭക്തനായി തന്നെ അഞ്ച് കിലോമീറ്ററും അദ്ദേഹം നടന്നു കയറി.

മുന്പ് സ്ഥിരമായി ശബരിമല ദർശനത്തിനെത്തിയിരുന്നയാളാണ് മുഖ്യമന്ത്രി. അതുകൊണ്ടുതന്നെ മലകയറ്റത്തിൽ പുതുമയില്ലായിരുന്നു. എംഎൽഎമാരായ പഴകുളം മധു, സി.വി. ശാന്തകുമാർ, കോഗ്രസ് പ്രവർത്തകർ എന്നിവരും മുഖ്യമന്ത്രിക്കൊപ്പം മല കയറാനുണ്ടായിരുന്നു. യാത്രയ്ക്കിടെ വഴിയിൽ അയ്യപ്പഭക്തരുമായി സംസാരിക്കാനും ഫോട്ടോയെടുക്കാനുമൊക്കെ മുഖ്യമന്ത്രി സമയം കണ്ടെത്തി. വൈകുന്നേരം നട തുറക്കുന്നതിനു തൊട്ടുമുൻപ് സതീശൻ സന്നിധാനത്തെത്തി. ദർശനത്തിനുശേഷം തീർഥാടന ക്രമീകരണങ്ങൾ ഒരിക്കൽകൂടി വിലയിരുത്തിയശേഷമായിരുന്നു മലയിറക്കം.





എം.സി.പോൾസൺ, എഡ്വേർഡ് ഫോസ്റ്റസ്, അബ്ദുൾ ഷുക്കൂർ

## കെ.വി.വി.ഇ.എസ്: ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപന സമിതി (കെ.വി.വി.ഇ.എസ്) എറണാകുളം നിയോജകമണ്ഡലം ഭാരവാഹികളായി എം.സി.പോൾസൺ (പ്രസിഡന്റ്), എഡ്വേർഡ് ഫോസ്റ്റസ് (ജനറൽ സെക്രട്ടറി) അബ്ദുൾ ഷുക്കൂർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു. ജില്ലാ വ്യാപാര ഭവനിൽ ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്.

## എം.ജി.യു. ക്യാമ്പസ് കലോത്സവങ്ങൾ നവംബർ 12 മുതൽ 17 വരെ

മഹാത്മാഗാന്ധി സർവകലാശാലാ അന്തർകലാലയ യുവജനോത്സവം 2026-27ൽ പങ്കെടുക്കുന്നതിനുള്ള പ്രതിഭകളെ കണ്ടെത്താനുള്ള സ്ഥാപനതല കലോത്സവങ്ങൾ നവംബർ 12 മുതൽ 17 വരെ നടക്കും. സ്വയംഭരണ കോളജുകളടക്കം സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളജുകൾ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസ് എന്നിവിടങ്ങളിലാണ് കലോത്സവങ്ങൾ നടക്കുക. വിശദമായ നോട്ടിഫിക്കേഷൻ വെബ്സൈറ്റിൽ.





ഡോ. വിനോദ് പത്മനാഭൻ,ഡോ. ജോർജ് തുകലൻ, ഡോ.സിജു ജോസഫ്

## ഐ.എം.എ കൊച്ചിയ്ക്ക് പുതിയ ഭാരവാഹികൾ

**കൊച്ചി:** ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ (ഐ.എം.എ) കൊച്ചി ശാഖ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. 202627 വർഷത്തെ പ്രസിഡന്റായി ഡോ. വിനോദ് പത്മനാഭൻ സെക്രട്ടറിയായി ഡോ. ജോർജ് തുകലൻ, ട്രഷറർ ആയി ഡോ.സിജു ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു. ഡോ. അതുൽ ജോസഫ് മാനുവൽ (ഇമ്മീഡിയേറ്റ് പാസ്റ്റ് പ്രസിഡന്റ്), ഡോ.ആർ.രമേഷ് കുമാർ (പ്രസിഡന്റ് ഇലക്ട്), ഡോ.എം.എം.ഹനീഷ് (സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റി മെമ്പർ) ഡോ.അനിതാ തിലകൻ, ഡോ. എം.എം ഫൈസൽ, ഡോ.സച്ചിൻ സുരേഷ്, ഡോ.ജി.എൻ.രമേഷ് (വൈസ്പ്രസിഡന്റുമാർ), ഡോ.കാർത്തിക് ബാലചന്ദ്രൻ, ഡോ.ആൽവിൻ ആന്റണി, ഡോ.ബൻസീർ ഹുസൈൻ, ഡോ. രാഖി ടി. മേനോൻ, ഡോ.ടി.സി. വിഷ്ണു എന്നിവരാണ് മറ്റ് ഭാരവാഹികൾ. ഡോ.എം.വേണുഗോപാലായിരുന്നു വരണാധികാരി.

## എൻഎസ്എസ് യൂണിയൻ മിനി ഐടി, വ്യവസായ പാർക്ക് ആരംഭിക്കും

**പത്തനംതിട്ട:** നായർ സർവീസ് സൊസൈറ്റി വിഭാവനം ചെയ്യുന്ന വനിതാ ശക്തീകരണവും യുവ സംരംഭകത്വവും സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ പത്തനംതിട്ട താലൂക്ക് മന്നം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോന്നി ഇളകൊള്ളൂർ കേന്ദ്രമാക്കി ഉന്നത സാങ്കേതിക മികവോടെ മിനി ഐടി, വ്യവസായ പാർക്ക് ആരംഭിക്കുമെന്ന് പത്തനംതിട്ട താലൂക്ക് എൻഎസ്എസ് കരയോഗം യൂണിയൻ പ്രസിഡൻറും ഡയറക്ടർ ബോർഡ് അംഗവുമായ ആർ. ഹരിദാസ് ഇടത്തിട്ട. മന്നം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട താലൂക്ക് യൂണിയൻ സംഘടിപ്പിച്ച ഏകദിന യുവ സംരംഭകത്വ ശില്പശാല ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സോഷ്യൽ സർവീസ് ഡിപ്പാർട്ട്മെൻറ് സെക്രട്ടറി വി.വി. ശശിധരൻ നായർ അധ്യക്ഷത വഹിച്ചു. എംഎസ്എസിൻറെ ആഭിമുഖ്യത്തിൽ ഫെഡറൽ ബാങ്കിൻറെ സഹകരണത്തോടെ വിവിധ സ്വയം സഹായ സംഘങ്ങൾക്കായി ചെറുകിട വ്യവസായ സംരംഭങ്ങളും യുവതിയുവാക്കൾക്കായി സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കുമാണ് ആരംഭം കുറിക്കുന്നത്. ആദ്യഘട്ടത്തിൽ തന്നെ 500 പേർക്ക് പ്രത്യക്ഷമായി തൊഴിൽ നൽകാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഐഡിബിഐ ബാങ്കിന്റെ അറ്റാദായം 2,205 കോടി രൂപയായി ഉയർന്നു

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 2,205 കോടി രൂപയുടെ അറ്റാദായമാണ് ഐഡിബിഐ ബാങ്ക് രേഖപ്പെടുത്തിയത്. മുൻ വർഷത്തെ ഇതേ കാലയളവിലെ ഒറ്റത്തവണ നേട്ടം (എൻഎസ്ഡിഎൽ ഓഹരി വിൽപ്പന വഴി ലഭിച്ചത്) ഒഴിവാക്കിയാൽ അറ്റാദായത്തിൽ 14 ശതമാനത്തിന്റെ വാർഷിക വളർച്ചയുണ്ടായിട്ടുണ്ട്. ഈ പാദത്തിലെ പ്രവർത്തന ലാഭം 2,893 കോടി രൂപയാണ്. മുൻവർഷത്തെ ഇതേ കാലയളവിലെ ഒറ്റത്തവണ ലാഭം മാറ്റിനിർത്തിക്കഴിഞ്ഞാൽ പ്രവർത്തന ലാഭത്തിൽ 59 ശതമാനത്തിന്റെ ശക്തമായ വാർഷിക വളർച്ച കൈവരിക്കാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. അറ്റ പലിശ വരുമാനം 29 ശതമാനം വാർഷിക വളർച്ചയോടെ 4,228 കോടി രൂപയായി ഉയർന്നു. ബാങ്കിന്റെ പലിശ വ്യത്യാസ അനുപാതം 4.11 ശതമാനമായി മെച്ചപ്പെട്ടിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് ഇതിൽ 40 ബിപിഎസിന്റെ വർദ്ധനവാണ് രേഖപ്പെടുത്തിയത്. ബാങ്കിന്റെ മൊത്തം ബിസിനസ്സ് 18 ശതമാനം വാർഷിക വളർച്ചയോടെ 6,27,216 കോടി രൂപയിലെത്തി. മൊത്തം നിക്ഷേപങ്ങൾ 17 ശതമാനം വർധിച്ച് 3,55,684 കോടി രൂപയായി.

മൊത്തം വായ്പകൾ 18 ശതമാനം വാർഷിക വളർച്ചയോടെ 2,71,533 കോടി രൂപയായി ഉയർന്നു. ഇതിൽ കോർപ്പറേറ്റ്, റീട്ടെയ്ൽ വായ്പകളുടെ അനുപാതം 31:69 ആണ്. കാസ നിക്ഷേപം 12 ശതമാനം വർധിച്ച് 1,55,877 കോടി രൂപയിലെത്തിയപ്പോൾ കാസ അനുപാതം 43.82 ശതമാനമായി രേഖപ്പെടുത്തി. ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി 2.12 ശതമാനം ആയി കുറഞ്ഞു. അറ്റ നിഷ്ക്രിയ ആസ്തി 0.17 ശതമാനം ആയും കുറഞ്ഞിട്ടുണ്ട്. പ്രൊവിഷൻ കവറേജ് അനുപാതം 99.24 ശതമാനം ആയി തുടരുന്നു. ബാങ്കിന്റെ സിആർഎആർ 27.10 ശതമാനം ആയി ഉയർന്നു. ഇതിൽ ടയർ 1 മൂലധനം 26.55 ശതമാനം ആണ്. ആസ്തികളുടെ മേലുള്ള ആദായം 1.83 ശതമാനം രേഖപ്പെടുത്തി.




# ലിവർപൂൾ സർവ്വകലാശാലയുടെ ബെംഗളൂരു ക്യാമ്പസ് പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ലിവർപൂൾ സർവ്വകലാശാലയുടെ ബെംഗളൂരു ക്യാമ്പസ് ഔദ്യോഗികമായി പ്രവർത്തനം ആരംഭിച്ചു. കർണാടകയിലെ ആദ്യത്തെ റസ്സൽ ഗ്രൂപ്പ് സർവ്വകലാശാല ക്യാമ്പസാണിത്. വൈറ്റ്ഫീൽഡിലെ അലെംബിക് സിറ്റിയിൽ സ്ഥിതി ചെയ്യുന്ന ക്യാമ്പസിലേക്ക് ആദ്യ ബാച്ചിലായി മുന്നൂറോളം വിദ്യാർത്ഥികളാണ് പ്രവേശനം നേടിയിരിക്കുന്നത്.

ഇന്ത്യയുകെ ഉന്നത വിദ്യാഭ്യാസ സഹകരണത്തിലെ ചരിത്രപരമായ നിമിഷത്തിൽ കർണാടക വൻകിട ഇടത്തരം വ്യവസായ, അടിസ്ഥാന സൗകര്യ വികസന വകുപ്പ് മന്ത്രി എം. ബി. പാട്ടീൽ, ലിവർപൂൾ സിറ്റി റീജിയൻ മേയർ സ്റ്റീവ് റോതെറാം, ലിവർപൂൾ ഫുട്ബോൾ ക്ലബ് ലെജൻഡും സർവ്വകലാശാല പൂർവ്വ വിദ്യാർത്ഥിയുമായ റോബി ഫൗളർ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

കമ്പ്യൂട്ടർ സയൻസ്, ഗെയിം ഡിസൈൻ, ബിസിനസ്സ് മാനേജ്മെന്റ്, അക്കൗണ്ടിംഗ് ആൻഡ് ഫിനാൻസ്, ബയോമെഡിക്കൽ സയൻസസ് എന്നീ വിഷയങ്ങളിലാണ് സർവ്വകലാശാല ആദ്യഘട്ടത്തിൽ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നത്. സ്മാർട്ട് ക്ലാസ്റൂമുകൾ, റിസർച്ച് ഇന്നൊവേഷൻ സ്പേസുകൾ, കൊളാബറേഷൻ ഹബുകൾ, അത്യാധുനിക ലബോറട്ടറികൾ, ബ്ലൂംബെർഗ് ടെർമിനലുകൾ എന്നിവയോടെയുള്ള മികച്ച പഠനാന്തരീക്ഷമാണ് ക്യാമ്പസിൽ ഒരുക്കിയിരിക്കുന്നത്.

# ഇഖ്റ ആശുപത്രിയിൽ എംഡിഐസിയു ഉദ്ഘാടനം ചെയ്തു

**കോഴിക്കോട്:** ഇഖ്റ ഇൻററനാഷണൽ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെൻററിൽ പുതുതായി സജ്ജീകരിച്ച മൾട്ടി ഡിസിപ്ലിനറി ഇൻറൻസീവ് കെയർ യൂണിറ്റിൻെറ (എംഡിഐസിയു) ഉദ്ഘാടനം മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് നിർവഹിച്ചു.

പുതുതായി പ്രവർത്തനമാരംഭിച്ച ഇഖ്റ ലിവർ സെൻറർ ബ്ലോക്കിന്റെ നാലാം നിലയിൽ 10,000 ചതുരശ്ര അടി വിസ്തീർണത്തിലാണ് എംഡിഐസിയു ഒരുക്കിയിരിക്കുന്നത്. ഈസ്റ്റേൺ ഗ്രൂപ്പ് ഓഫ് കമ്പനീസ് സംഭാവനയായി നൽകിയ കെട്ടിടത്തിലാണ് എംഡിഐസിയു പ്രവർത്തിക്കുന്നത്. ഐസിയുവിന്റെ ഇൻറീരിയർ, അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി മൂന്ന് കോടി രൂപയോളമാണ് ഇഖ്റ ചെലവഴിച്ചത്.

വെൻറിലേറ്ററുകൾ, മൾട്ടി പാരാമീറ്റർ പേഷ്യൻറ് മോണിറ്ററുകൾ, ഇൻഫ്യൂഷൻ പമ്പുകൾ, സിറിഞ്ച് പമ്പുകൾ തുടങ്ങിയ ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ എംഡിഐസിയുവിൽ ഒരുക്കിയിട്ടുണ്ട്.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാനേജിംഗ് ഡയറക്ടർ ഇന്ത്യ ഓപ്പറേഷൻസ് ഒ. അഷർ, ഇഖ്റ ഹോസ്പിറ്റൽ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. പി.സി. അൻവർ, സെക്രട്ടറി സി.എ. ഹാരിഫ്, ഇഖ്റ ഹോസ്പിറ്റൽ ഡെപ്യൂട്ടി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വി. ഇദ്രീസ്, ജെഡിടി ഇസ്ലാം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എൻ.കെ. മുഹമ്മദ് അലി, ഇഖ്റ ഹോസ്പിറ്റൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ വിഭാഗം ഫിസിഷ്യൻ ഡോ. പി. ശിഹാബുദ്ദീൻ, ക്രിട്ടിക്കൽ കെയർ വിഭാഗം മേധാവി ഡോ. കെ.എൻ. ഫാരിസ് ഹുസൈൻ, ഇഖ്റ ഹോസ്പിറ്റൽ ഗ്രൂപ്പ് ജനറൽ മാനേജർ എൻ. മുഹമ്മദ് ജസീൽ എന്നിവർ പങ്കെടുത്തു.

# ഉറക്കമില്ലായ്മയും മാനസിക സമ്മർദവും: കേരളത്തിലെ പുരുഷന്മാരിൽ കടുത്ത മുടികൊഴിച്ചിലെന്നു പഠനം

**കൊച്ചി:** കേരളത്തിലെ പുരുഷന്മാരിൽ മാനസിക സമ്മർദം, ഉറക്കക്കുറവ്, മെറ്റബോളിസം തകരാറുകൾ എന്നിവ ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്ന നിരക്കിലാണെന്നും ഇത് ചെറുപ്പക്കാരിൽ ഉൾപ്പെടെ കടുത്ത മുടികൊഴിച്ചിലിന് കാരണമാകുന്നുവെന്നും ട്രയ ഹെൽത്തിന്റെ ദേശീയ പഠന റിപ്പോർട്ട്. രാജ്യത്തുടനീളമുള്ള അഞ്ച് ലക്ഷത്തിലധികം പുരുഷന്മാരെ ഉൾപ്പെടുത്തി നടത്തിയ പഠനത്തിൽ, മുടികൊഴിച്ചിൽ നേരിടുന്ന പുരുഷന്റെ ശരാശരി പ്രായം ഇപ്പോൾ 29 വയസായി കുറഞ്ഞതായി വ്യക്തമാക്കുന്നു. കേരളത്തിൽ മോശം ഉറക്കത്തിന്റെ തോത് ദേശീയ ശരാശരിയേക്കാൾ 6.1% കൂടുതലാണ്. കൂടാതെ, 18 മുതൽ 20 വയസ് വരെയുള്ളവരിൽ 15.3% പേർ കടുത്ത മുടികൊഴിച്ചിൽ നേരിടുന്നുണ്ട്; ഇത് ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന നിരക്കാണ്.

തുടർച്ചയായ മാനസിക സമ്മർദം കോർട്ടിസോളിന്റെ അളവ് വർദ്ധിപ്പിച്ച് മുടിയുടെ വളർച്ചാ ഘട്ടത്തെ ബാധിക്കുമ്പോൾ, രാത്രികാലങ്ങളിലെ ഉറക്കമില്ലായ്മ മുടിയുടെ കോശ നവീകരണത്തെ തടസപ്പെടുത്തുന്നു. ഇതിനുപുറമെ, മെറ്റബോളിസം തകരാറിലാവുമ്പോൾ ശരീരം മുടിയിലേക്കുള്ള പോഷകങ്ങൾ വെട്ടിച്ചുരുക്കി ആന്തരികാവയവങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകുന്നതും കടുത്ത മുടികൊഴിച്ചിലിലേക്ക് നയിക്കുന്നു. കേരളത്തിൽ 18–20 പ്രായക്കാരിൽ മെറ്റബോളിസം പ്രശ്നങ്ങൾ 65.2 ശതമാനത്തോളമാണ്.

മുടികൊഴിച്ചിലിന്റെ പ്രാരംഭ ഘട്ടമായ സ്റ്റേജ് 1ൽ വെറും 15.6% ആളുകൾ മാത്രമാണ് ചികിത്സ തേടിയെത്തുന്നത്; പകുതിയിലധികം പേരും (55.4%) പ്രശ്നം ഗുരുതരമായ സ്റ്റേജ് 3ലോ അതിനുശേഷമോ ആണ് സഹായം തേടുന്നത്. കാലാവസ്ഥയോ പാരമ്പര്യമോ മാത്രമല്ല, മറിച്ച് ശരീരത്തിലെ ആന്തരിക അസന്തുലിതാവസ്ഥയാണ് പ്രധാന കാരണമെന്നും ഇരുപതുകളുടെ തുടക്കത്തിൽ തന്നെ കൃത്യമായ രോഗനിർണയവും ചികിത്സയും തേടേണ്ടത് അത്യന്താപേക്ഷിതമാണെന്നും ട്രയ ഹെൽത്ത് ചൂണ്ടിക്കാട്ടുന്നു.

# വിവേഴ്സ് കോൺ ഫെസ്റ്റിവൽ 2027 ഇന്ത്യയിൽ

**കൊച്ചി:** ആഗോള കെപോപ്പ് താരങ്ങളെയും ഇന്ത്യൻ സംഗീതജ്ഞരെയും അണിനിരത്തി വിവേഴ്സ് കോൺ ഫെസ്റ്റിവൽ ഇന്ത്യയുടെ ആദ്യ പതിപ്പ് 2027 മാർച്ച് 27, 28 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കും. കൊറിയയ്ക്ക് പുറത്ത് ആദ്യമായി സംഘടിപ്പിക്കുന്ന ഫെസ്റ്റിവലിൽ എൻഹൈപ്പൻ, ഹാസ, ലെസെറാഫിം, ടുമാറോ എക്സ് ടുഗെദർ, എറിക് നാം, ബംസു, ദായംഗ്, ലീ ഹ്യൂൻ, കാറ്റ്സെയിലെ ലാറ, റിയ രാജ് തുടങ്ങിയവർ പങ്കെടുക്കും. ഇന്ത്യൻ കലാകാരന്മാരായ ഗിനി, കിംഗ്, രഞ്ജ് ത ക്ലിഫ്, റെബിൾ, ഡിജെ സെലോ എന്നിവരും വേദിയിലെത്തും. ഹൈബ് ഇന്ത്യയും ബുക്ക്മൈഷോ ലൈവും ചേർന്നാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. കിയ ഇന്ത്യ, മാസ്റ്റർകാർഡ്, പ്രൊജക്ട് ബി, സാംസങ് ഗാലക്സി എന്നിവർ പ്രസന്റിംഗ് പാർട്ണർമാരായും നോങ്ഷിം അസോസിയേറ്റ് പാർട്ണറായും പങ്കുചേരും. ആഗോള സംഗീതവും ഇന്ത്യൻ സംഗീത വൈവിധ്യവും ഒരുമിപ്പിക്കുന്ന വേദിയായിരിക്കും ഫെസ്റ്റിവൽ.

# യുഎസ് ഓഹരികളിൽ നിക്ഷേപിക്കാൻ അവസരമൊരുക്കി മിറേ അസറ്റ് ഷെയർഖാൻ

**കൊച്ചി:** ഇന്ത്യൻ നിക്ഷേപകർക്ക് 10,000ത്തിലധികം യുഎസ് ഓഹരികളിലും എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകളിലും (ഇടിഎഫ്) നിക്ഷേപിക്കാനുള്ള സൗകര്യമൊരുക്കി മിറേ അസറ്റ് ഷെയർഖാൻ. ഗിഫ്റ്റ് സിറ്റിയിലെ ഇന്റർനാഷണൽ ഫിനാൻഷ്യൽ സർവീസസ് സെന്റർ (ഐഎഫ്എസ്സി) വഴിയാണ് മിറേ അസറ്റ് ഗിഫ്റ്റ് ഷെയർഖാൻ ഈ സേവനം അവതരിപ്പിച്ചത്. ഒരു യുഎസ് ഡോളർ മുതൽ നിക്ഷേപം ആരംഭിക്കാം. 2,500ത്തിലധികം ഓഹരികളിലും ഇടിഎഫുകളിലും ഭാഗിക നിക്ഷേപത്തിനും അവസരമുണ്ട്. അക്കൗണ്ട് തുറക്കുന്നതിനും പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിനും വാർഷിക ഫീസില്ല. ആർബിഐയുടെ ലിബറലൈസ്ഡ് റെമിറ്റൻസ് സ്കീം (എൽആർഎസ്) ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഇന്ത്യൻ നിക്ഷേപകർക്ക് വിദേശ വിപണികളിൽ നിക്ഷേപിക്കാം.

ആഗോള വിപണികളിലെ നിക്ഷേപത്തിലൂടെ പോർട്ട്ഫോളിയോ വൈവിധ്യവത്കരിക്കാനും യുഎസ് ഡോളറിലെ നിക്ഷേപങ്ങളിലൂടെ കറൻസി മൂല്യത്തിലെ മാറ്റങ്ങളിൽനിന്ന് സാധ്യതയുള്ള നേട്ടങ്ങൾ നേടാനും അവസരമൊരുങ്ങും.

# അസിം പ്രേംജി സർവകലാശാല: ബിരുദ, ബിരുദാനന്തര കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** അസിം പ്രേംജി സർവകലാശാലയിൽ 2027ലേക്കുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ബംഗളൂരു, ഭോപാൽ, റാഞ്ചി കാമ്പസുകളിലെ പൂർണസമയ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

വിദ്യാഭ്യാസം, വികസനം, സാമ്പത്തികശാസ്ത്രം, പൊതുജനാരോഗ്യം, ഏർളി ചൈൽഡ്ഹുഡ് കെയർ ആൻഡ് എജ്യൂക്കേഷൻ, കാലാവസ്ഥാ മാറ്റവും സുസ്ഥിരതയും എന്നീ വിഷയങ്ങളിൽ സർവകലാശാല ബിരുദാനന്തര ബിരുദ കോഴ്സുകൾ നൽകുന്നു. ബിരുദ കോഴ്സുകൾ ഹ്യൂമാനിറ്റീസ്, സോഷ്യൽ സയൻസ്, സയൻസ് വിഷയങ്ങളിലുള്ള നാല് വർഷത്തെ പൂർണസമയ റസിഡൻഷ്യൽ പ്രോഗ്രാമുകളാണ്.

ബംഗളൂരു കാമ്പസിൽ എംഎ എഡ്യൂക്കേഷൻ, എംഎ ഏർളി ചൈൽഡ്ഹുഡ് കെയർ ആൻഡ് എഡ്യൂക്കേഷൻ, എംഎ ഡെവലപ്മെന്റ്, എംഎ ഇക്കണോമിക്സ്, എംഎസ്സി ക്ലൈമറ്റ് ചേഞ്ച് ആൻഡ് സസ്റ്റെയ്നബിലിറ്റി എന്നീ ബിരുദാനന്തര കോഴ്സുകളും, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, ഫിലോസഫി, പൊളിറ്റിക്സ് ആൻഡ് ഇക്കണോമിക്സ്, മീഡിയ ആൻഡ് ജേണലിസം എന്നിവയിൽ ബിഎ ഓണേഴ്സ് കോഴ്സുകളും, ബയോളജി, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, സൈക്കോളജി, ഇൻഫർമേഷൻ സയൻസ്, എൻവയോൺമെന്റൽ സയൻസ് ആൻഡ് സസ്റ്റെയ്നബിലിറ്റി എന്നിവയിൽ ബിഎസ്സി ഓണേഴ്സ് കോഴ്സുകളും ലഭ്യമാണ്.

ഭോപാൽ കാമ്പസിൽ എംഎ എഡ്യൂക്കേഷൻ, മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് എന്നീ പിജി കോഴ്സുകളും, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, സോഷ്യൽ സയൻസ്, ഹിന്ദി സ്റ്റഡീസ് എന്നിവയിൽ ബിഎ ഓണേഴ്സും, ബയോളജിയിൽ ബിഎസ്സി ഓണേഴ്സും പഠിക്കാം.

റാഞ്ചി കാമ്പസിൽ എംഎ ഡെവലപ്മെന്റ്, എംഎ അപ്ലൈഡ് ഇക്കണോമിക്സ് എന്നീ കോഴ്സുകളാണ് ഉള്ളത്.

2027ലെ അക്കാദമിക വർഷത്തിലേക്കുള്ള അപേക്ഷകൾ സർവകലാശാലയുടെ വെബ്സൈറ്റ് വഴി സമർപ്പിക്കാം.2026 ഡിസംബർ 20ന് നടക്കുന്ന നാഷണൽ എൻട്രൻസ് ടെസ്റ്റിലൂടെ പ്രവേശനം ആഗ്രഹിക്കുന്നവർ 2026 നവംബർ 20ന് മുമ്പ് അപേക്ഷ സമർപ്പിക്കണം.

ഓരോ വർഷവും പരിമിത എണ്ണം വിദ്യാർഥികൾക്ക് സർവകലാശാല സാമ്പത്തിക സഹായം നൽകുന്നുണ്ട്. വിദ്യാർഥിയുടെ സാമ്പത്തിക സാഹചര്യവും സർവകലാശാലയുടെ യോഗ്യതാ മാനദണ്ഡങ്ങളും പരിഗണിച്ചാണ് സഹായം നൽകുന്നത്.

കൂടുതൽ വിവരങ്ങൾക്ക് മൊബൈൽ: 8971889988 , ഇമെയിൽ: admissions@apu.edu.in, വെബ്സൈറ്റ്: www.azimpremjiuniverstiy.edu.in




# ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്തി എഐ പ്ലസ്

**കൊച്ചി:** ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾക്കും നിർദേശങ്ങൾക്കും പ്രാധാന്യം നൽകി ഉൽപ്പന്നങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുമായി എഐ പ്ലസ് സ്മാർട്ട്ഫോൺ. ക്യാമറയുടെ സ്ഥിരത, കണക്റ്റിവിറ്റി, ഫോണിന്റെ പ്രവർത്തനക്ഷമത എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ സോഫ്റ്റ്വെയർ അപ്ഡേറ്റുകളും കൂടുതൽ പരിശോധനകളും നടപ്പാക്കുന്നുണ്ട്. ഉപഭോക്തൃ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനായി സേവന വിഭാഗവും സാങ്കേതിക വിഭാഗവും തമ്മിലുള്ള ഏകോപനവും ശക്തമാക്കി. പരാതികൾ പരിഹരിക്കാൻ സാധാരണയായി മൂന്ന് മുതൽ നാല് ദിവസം വരെ സമയമാണ് കമ്പനി ലക്ഷ്യമിടുന്നത്. പുതിയ ഫോണുകൾ വിപണിയിലെത്തുന്നതിന് മുമ്പ് സ്വതന്ത്ര വിലയിരുത്തലുകൾ നടത്തുന്നതിനായി ആരംഭിച്ച പ്രോജക്ട് ഓപ്പൺ റിവ്യൂ പദ്ധതിയിൽ ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സാങ്കേതിക വിദഗ്ധർ, മാധ്യമപ്രവർത്തകർ, കണ്ടന്റ് ക്രിയേറ്റർമാർ, സാങ്കേതിക താൽപര്യമുള്ളവർ, എത്തിക്കൽ ഹാക്കർമാർ എന്നിവർക്ക് ഫോണുകൾ വിലയിരുത്താം. ഉപഭോക്തൃ അനുഭവങ്ങൾ ഉൽപ്പന്ന വികസനത്തിലും സേവന മെച്ചപ്പെടുത്തലിലും ഉൾപ്പെടുത്തി വിശ്വാസ്യത വർധിപ്പിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.

# 12 പുതിയ ഉൽപ്പന്നങ്ങളുമായി സ്റ്റെല്ലാന്റിസ്

**കൊച്ചി:** ജീപ്പ്, സിട്രോൺ ബ്രാൻഡുകൾക്ക് കീഴിൽ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 12 ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുമെന്ന് സ്റ്റെല്ലാന്റിസ് പ്രഖ്യാപിച്ചു. ഫാസ്റ്റ്ലെയിൻ 2030 പദ്ധതിയുടെ ഭാഗമായി ഏഴ് പുതിയ മോഡലുകളും നിലവിലുള്ള അഞ്ച് മോഡലുകളുടെ നവീകരിച്ച പതിപ്പുകളുമാണ് വിപണിയിലെത്തിക്കുക. ഇതിനായി ഏകദേശം 4,000 കോടി രൂപയുടെ അധിക നിക്ഷേപവും നടത്തും. ഇതോടെ 2030ഓടെ ഇന്ത്യയിലെ കമ്പനിയുടെ ആകെ നിക്ഷേപം 15,000 കോടി രൂപയായി ഉയരും.

എസ്യുവികൾ, എംപിവി, ചെറുകാർ, പ്രീമിയം പിക്കപ്പ് എന്നിവ പുതിയ ഉൽപ്പന്ന നിരയിലുണ്ടാകും. പെട്രോൾ, ഹൈബ്രിഡ്, പ്ലഗ്ഇൻ ഹൈബ്രിഡ്, ഇലക്ട്രിക് സാങ്കേതികവിദ്യകളിലും കമ്പനി ശ്രദ്ധ കേന്ദ്രീകരിക്കും. പുതിയ പദ്ധതിക്ക് കീഴിലെ ആദ്യ ഉൽപ്പന്നം 2027 രണ്ടാം പാദത്തിൽ പുറത്തിറക്കും.

# ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്കിന്റെ അറ്റാദായം 365 കോടിയായി ഉയർന്നു

**കൊച്ചി:** നടപ്പ് സാമ്പത്തിക വർഷത്തെ രണ്ടാം ത്രൈമാസത്തിലെ അറ്റാദായം മുൻവർഷത്തെ അപേക്ഷിച്ച് 200 ശതമാനം വർധിച്ച് 365 കോടി രൂപയിലെത്തി. ഇത് ബാങ്കിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ത്രൈമാസ അറ്റാദായമാണ്. ബാങ്കിന്റെ മൊത്തം നിക്ഷേപം 50,000 കോടി രൂപ കടന്ന് 29 ശതമാനം വർദ്ധനവോടെ 50,643 കോടി രൂപയായി ഉയർന്നു. ഇതിൽ കാസ നിക്ഷേപം 13,176 കോടി രൂപയാണ്.

വായ്പ വിതരണം 32.3 ശതമാനം വർധിച്ച് 10,495 കോടി രൂപയായി. മൊത്തം വായ്പാ 32.1 ശതമാനം വളർച്ചയോടെ 45,699 കോടി രൂപയിലെത്തി. സെക്യൂർഡ് വായ്പകൾ 47 ശതമാനം വർധിച്ച് 23,803 കോടി രൂപയായി ഉയർന്നു. ഇതോടെ സെക്യൂർഡ് വായ്പകളുടെ പങ്ക് 52.1 ശതമാനം ആയി വർദ്ധിച്ചു. ഇതിൽ ഭവന വായ്പ മാത്രം 31 ശതമാനം വളർച്ചയോടെ 10,056 കോടി രൂപയിലെത്തി.

ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി 2.10 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.31 ശതമാനമായും മെച്ചപ്പെട്ടു. പ്രൊവിഷൻ കവറേജ് അനുപാതം 85 ശതമാനമാണ്. ബാങ്കിന്റെ മൂലധന പര്യാപ്തത അനുപാതം 20.69 ശതമാനമാണ്. ആസ്തികളുടെ മേലുള്ള ആദായം 2.4 ശതമാനവും ഇക്വിറ്റിയുടെമേലുള്ള ആദായം 19.7 ശതമാനവുമാണ്.

വളർച്ചാ വേഗത തുടരുന്നതിന്റെ ഭാഗമായി, ഓഹരി ഉടമകളുടെ അനുമതിക്ക് വിധേയമായി ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ, ബജാജ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ്, എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷുറൻസ്, ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് എന്നിവയിൽ നിന്ന് 409 കോടി രൂപ പ്രിഫറൻഷ്യൽ ഇഷ്യൂ വഴി സമാഹരിക്കുന്നതിന് ബോർഡ് അനുമതി നൽകിയതായി ഉജ്ജീവൻ സ്മാൾ ഫിനാൻസ് ബാങ്ക് ഹോൾ ടൈം ഡയറക്ടറും ഇടക്കാല സി.ഇ.ഒയുമായ കരോൾ ഫുർട്ടാഡോ വ്യക്തമാക്കി.

പുതിയ ബ്രാൻഡ് അംബാസഡറായി പത്മശ്രീ ആർ. മാധവനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ ബ്രാൻഡ് കാമ്പയിനും ബാങ്ക് ആരംഭിച്ചിട്ടുണ്ട്.

# പഞ്ചാബ് നാഷണൽ ബാങ്കിന്റെ രണ്ടാം പാദ അറ്റാദായം 5,532 കോടി

**ന്യൂദൽഹി:** പഞ്ചാബ് നാഷണൽ ബാങ്കിന്റെ 202627 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലെ അറ്റാദായം മുൻവർഷത്തെ സമാനപാദത്തിലെ 4,904 കോടി രൂപയിൽനിന്ന് 12.8 ശതമാനം വർധിച്ച് 5,532 കോടി രൂപയായി. ജൂലൈ–സെപ്റ്റംബർ പാദത്തിൽ ബാങ്കിന്റെ അറ്റപലിശ വരുമാനം 10.8 ശതമാനം ഉയർന്ന് 11,601 കോടി രൂപയായി.

പ്രവർത്തനലാഭം 4.2 ശതമാനം വർധിച്ച് 7,532 കോടി രൂപയിലെത്തി. മൊത്തം വരുമാനം 5.4 ശതമാനം വർധിച്ച് 38,185 കോടി രൂപയായി.

2026 സെപ്റ്റംബർ അവസാനത്തെ കണക്കനുസരിച്ച് ബാങ്കിന്റെ ആഗോള ബിസിനസ് 11.9 ശതമാനം വർധിച്ച് 31.18 ലക്ഷം കോടി രൂപയായി. ആഗോള നിക്ഷേപം 9.9 ശതമാനം ഉയർന്ന് 17.77 ലക്ഷം കോടി രൂപയും വായ്പകൾ 14.7 ശതമാനം വർധിച്ച് 13.41 ലക്ഷം കോടി രൂപയുമായി.

മൊത്ത നിഷ്ക്രിയ ആസ്തി അനുപാതം മുൻവർഷത്തെ 3.45 ശതമാനത്തിൽനിന്ന് 2.55 ശതമാനമായി കുറഞ്ഞു. അറ്റ നിഷ്ക്രിയ ആസ്തി അനുപാതം 0.36 ശതമാനത്തിൽനിന്ന് 0.25 ശതമാനമായി മെച്ചപ്പെട്ടു. എംഎസ്എംഇ വായ്പകളിൽ 19.8 ശതമാനവും കാർഷിക മുൻഗണനാ മേഖലയിലെ വായ്പകളിൽ 18.1 ശതമാനവും വളർച്ച രേഖപ്പെടുത്തി. ഡിജിറ്റൽ ഇടപാടുകൾ 31 ശതമാനം വർധിച്ച് 408 കോടിയായി. ബാങ്കിന്റെ ആകെ ഇടപാടുകളുടെ 95.7 ശതമാനവും ഡിജിറ്റൽ വഴിയായിരുന്നു.

# എക്കോ, ഫയർ ടിവി ഉപകരണങ്ങൾക്ക് 45% വരെ വിലക്കുറവ്

**കൊച്ചി:** ആമസോണിന്റെ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ 2026ന്റെ ഭാഗമായി എക്കോ സ്മാർട്ട് സ്പീക്കറുകൾ, സ്മാർട്ട് ഡിസ്പ്ലേകൾ, ഫയർ ടിവി സ്ട്രീമിങ് ഉപകരണങ്ങൾ എന്നിവയ്ക്ക് 45 ശതമാനം വരെ വിലക്കുറവ്. എക്കോ ഡോട്ട് അഞ്ചാം തലമുറ 4,499നും എക്കോ സ്പോട്ട് 6,999നും ലഭിക്കും. എക്കോ ഷോ 8ന് 6,000 വിലക്കുറവുമുണ്ട്. ഫയർ ടിവി സ്റ്റിക്ക് എച്ച്ഡി 2,999നും ഫയർ ടിവി സ്റ്റിക്ക് 4ഗ സെലക്ട് 3,499നും സ്വന്തമാക്കാം. തിരഞ്ഞെടുക്കുന്ന എക്കോ ഉപകരണങ്ങളോ ഫയർ ടിവി സ്റ്റിക്കോ വാങ്ങുന്നവർക്ക് അലക്സാ+ എർലി ആക്സസും സൗജന്യമായി ലഭിക്കും. ബാങ്ക് ഓഫറുകൾ, നോ കോസ്റ്റ് ഇഎംഐ, എക്സ്ചേഞ്ച് ആനുകൂല്യങ്ങൾ എന്നിവയും ലഭ്യമാണ്.

സൊസൈറ്റി ടുഡേ SOCIETY TODAY




ലോക നട്ടെല്ല് ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന നടുവണ്ടി ബോധവൽക്കരണ യാത്ര ആസ്റ്റർ മെഡ്സിറ്റി ന്യൂറോസർജറി സീനിയർ കൺസൾട്ടന്റ് ഡോ. ദിലീപ് പണിക്കർ, പിഎംആർ സീനിയർ കൺസൾട്ടന്റ് ഡോ. കെ. എം. മാത്യു, ആസ്റ്റർ സ്പൈൻ സെന്ററിലെ ഡോക്ടർമാരായ ഡോ. അനൂപ് പി. നായർ, ഡോ. അനൂപ് തോമസ്, ഡോ. രഞ്ജിത്ത് കെ ആർ എന്നിവർ ചേർന്ന് ഫ്ളാഗ്ഓഫ് ചെയ്യുന്നു

# ലോക നട്ടെല്ല് ദിനത്തോടനുബന്ധിച്ച് നടുവണ്ടി അവബോധ യാത്രയും സ്പൈൻ അപ് ചലഞ്ചുമായി ആസ്റ്റർ സ്പൈൻ സെന്റർ

**കൊച്ചി:** ലോക നട്ടെല്ല് ദിനാചരണത്തിന്റെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റി നട്ടെല്ലിന്റെ ആരോഗ്യത്തെ കുറിച്ച് ബോധവൽക്കരണ യാത്രയായ നടുവണ്ടിയും, പ്രത്യേക സ്പൈൻ അപ് ഫിറ്റ്നസ് ചലഞ്ചും സംഘടിപ്പിച്ചു. നടുവിന്റെ കാര്യം പറയാൻ, നാടിന്റെ വഴികളിലൂടെ' എന്ന സന്ദേശവുമായി ഡെക്കാത്‌ലണിന്റെ സഹകരണത്തോടെയാണ് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചത്. ആസ്റ്റർ മെഡ്സിറ്റി ന്യൂറോസർജറി സീനിയർ കൺസൾട്ടന്റ് ഡോ. ദിലീപ് പണിക്കർ, പിഎംആർ സീനിയർ കൺസൾട്ടന്റ് ഡോ. കെ. എം. മാത്യു, ആസ്റ്റർ സ്പൈൻ സെന്ററിലെ ഡോക്ടർമാരായ ഡോ. അനൂപ് പി. നായർ, ഡോ. അനൂപ് തോമസ്, ഡോ. രഞ്ജിത്ത് കെ ആർ എന്നിവർ ചേർന്ന് ആസ്റ്ററിൽ നിന്ന് ഫ്ലാഗ്ഓഫ് ചെയ്ത 'നടുവണ്ടി' കൊച്ചിയുടെ പ്രധാന വഴികൾ ചുറ്റി മറൈൻ ഡ്രൈവ് വരെ സഞ്ചരിച്ച് നട്ടെല്ലിന്റെ ആരോഗ്യത്തെ കുറിച്ച് ആളുകളിൽ അവബോധം നൽകി.

കൂടാതെ, ആസ്റ്റർ മെഡ്സിറ്റിയിൽ വെച്ച് 'സ്പൈൻ അപ്' പ്രത്യേക ഫിറ്റ്നസ് ചലഞ്ചും സംഘടിപ്പിച്ചു. ആസ്റ്റർ സ്പൈൻ സെന്ററും ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ വിഭാഗവും ചേർന്ന് നടത്തിയ പരിപാടിയിൽ ഹാഫ് സ്ക്വാറ്റ്, പ്ലാങ്ക് പോലുള്ള വെല്ലുവിളികളിലൂടെ പങ്കെടുത്തവർ അവരുടെ നട്ടെല്ലിന്റെ ആരോഗ്യവും മനസിലാക്കി. നട്ടെല്ലിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും ശരിയായ വ്യായാമ രീതികൾ പരിചയപ്പെടുത്തുന്നതിനുമായിയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

നടുവേദനയും മറ്റ് നട്ടെല്ല് സംബന്ധമായ പ്രശ്നങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, തിരക്കിട്ട ജീവിതത്തിനിടയിൽ സജീവമായ ജീവിതശീലങ്ങളിലൂടെ നാം മറന്നു പോകുന്ന നട്ടെല്ലിന്റെ ആരോഗ്യം എങ്ങനെ സംരക്ഷിക്കാമെന്ന സന്ദേശം നടുവണ്ടിയിലൂടെയും സ്പൈൻ അപ്' ചലഞ്ചിലൂടെയും ജനങ്ങളിലേക്ക് എത്തിക്കുകയാണ് ആസ്റ്റർ മെഡ്സിറ്റി ലക്ഷ്യമിടുന്നത്.

# ആഗോള കളിപ്പാട്ട ബ്രാൻഡുകളുമായി ഫൺസ്കൂൾ; 400 കോടി രൂപയിലധികം വിറ്റുവരവ് ലക്ഷ്യം

**ചെന്നൈ:** പ്രമുഖ ആഗോള കളിപ്പാട്ട ബ്രാൻഡുകളുമായുള്ള പങ്കാളിത്തം വിപുലീകരിച്ച് ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ്. 2026–27 സാമ്പത്തിക വർഷത്തിൽ 400 കോടി രൂപയിലധികം വിറ്റുവരവാണ് കമ്പനി ലക്ഷ്യമിടുന്നത്. 2025–26 സാമ്പത്തിക വർഷത്തിൽ 329 കോടി രൂപയുടെ വിറ്റുവരവ് നേടിയിരുന്നു. നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ കയറ്റുമതിയിൽ 30 ശതമാനത്തിലധികവും ആഭ്യന്തര വിപണിയിൽ 20 ശതമാനത്തിലധികവും വളർച്ച കൈവരിച്ചതായി കമ്പനി അറിയിച്ചു.




ജർമനിയിലെ സിംബ ടോയ്സ്, സ്പെയിനിലെ മോൾട്ടോ, ഓസ്ട്രേലിയയിലെ ഡോ. വുഡ്, അമേരിക്കയിലെ ബഫലോ ഗെയിംസ്, ജപ്പാനിലെ സാൻറിയോ, കാനഡയിലെ സ്പിൻ മാസ്റ്റർ, ഫ്രാൻസിലെ അസ്മോഡി തുടങ്ങിയ അന്താരാഷ്ട്ര ബ്രാൻഡുകളുമായാണ് ഫൺസ്കൂളിന്റെ പങ്കാളിത്തം. ഹെലോ കിറ്റി, പോ പട്രോൾ തുടങ്ങിയ ജനപ്രിയ ബ്രാൻഡുകളുടെ ഉൽപ്പന്നങ്ങൾക്ക് പുറമേ സംഗീത കളിപ്പാട്ടങ്ങൾ, പസിലുകൾ, സ്ട്രാറ്റജി ഗെയിമുകൾ, ക്രിയേറ്റീവ് പ്ലേ സെറ്റുകൾ എന്നിവയും ഇന്ത്യൻ വിപണിയിലെത്തിക്കുന്നുണ്ട്. കഴിഞ്ഞ ആറുവർഷത്തിനിടെ ഗോവയിലെയും റാണിപേട്ടിലെയും നിർമാണശാലകളുടെ വികസനത്തിനായി ഏകദേശം 149 കോടി രൂപ നിക്ഷേപിച്ചു. കഴിഞ്ഞ വർഷം കമ്പനിയുടെ സ്വന്തം ബ്രാൻഡുകളുടെയും സ്വകാര്യ ലേബൽ ബ്രാൻഡുകളുടെയും ഉൽപ്പന്നങ്ങൾ 63ലധികം രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു.

പ്രതിവർഷം 50–60 പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്ന കമ്പനി, ആഭ്യന്തര ഉൽപ്പന്ന വികസനത്തിനും അന്താരാഷ്ട്ര വിപണി വിപുലീകരണത്തിനും പ്രാധാന്യം നൽകുന്നു. കമ്പനിയുടെ ഫാക്ടറികളിലെ ജീവനക്കാരിൽ 70 ശതമാനത്തിലധികം വനിതകളാണെന്നും ഫൺസ്കൂൾ അറിയിച്ചു.

# നെസ്‌ലേ ഇന്ത്യയുടെ ലാഭം 36.3% ഉയർന്നു; വിൽപ്പന 6,782 കോടി രൂപ

**കൊച്ചി:** നെസ്‌ലേ ഇന്ത്യയുടെ നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ അറ്റാദായം 36.3 ശതമാനം വർധിച്ച് 1,026.8 കോടി രൂപയായി. മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് മൊത്തം വിൽപ്പന 20.5 ശതമാനം ഉയർന്ന് 6,782.2 കോടി രൂപയിലെത്തി. രണ്ടാം പാദത്തിലെ സാമ്പത്തിക ഫലങ്ങൾക്ക് കമ്പനിയുടെ ഡയറക്ടർ ബോർഡ് അംഗീകാരം നൽകി.

കിറ്റ്കാറ്റ്, മഞ്ച്, മിൽക്കിബാർ തുടങ്ങിയ ചോക്ലേറ്റ് ഉൽപ്പന്നങ്ങളുടെയും നെസ്കഫെയുടെയും മികച്ച പ്രകടനം കമ്പനിയുടെ വളർച്ചയ്ക്ക് സഹായകമായി. മാഗി ഉൽപ്പന്നങ്ങൾ, പാൽപോഷകാഹാര ഉൽപ്പന്നങ്ങൾ, വളർത്തുമൃഗങ്ങൾക്കുള്ള ഭക്ഷണം എന്നിവയുടെ വിൽപ്പനയിലും മുന്നേറ്റമുണ്ടായി. ഇകൊമേഴ്സ്, ക്വിക്ക് കൊമേഴ്സ്, ഗ്രാമീണ വിപണികൾ എന്നിവിടങ്ങളിലെ വളർച്ചയും വിൽപ്പന വർധിപ്പിച്ചു.

ആഭ്യന്തര വിൽപ്പനയിൽ 20.4 ശതമാനം വളർച്ച രേഖപ്പെടുത്തി. പ്രവർത്തന ലാഭത്തിന്റെ പ്രധാന സൂചകമായ ഇബിഐടിഡിഎ മാർജിൻ 23.8 ശതമാനമായി. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം ഉയർത്തുന്ന വെല്ലുവിളികൾക്കിടയിലും ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും ബ്രാൻഡുകളിലുള്ള നിക്ഷേപം വർധിപ്പിക്കുന്നതിനും കമ്പനി ശ്രദ്ധ നൽകിവരികയാണ്.

# വിപ്രോയുടെ വരുമാനത്തിൽ 9.1% വളർച്ച

**കൊച്ചി:** 2026 സെപ്റ്റംബർ 30ന് അവസാനിച്ച രണ്ടാം പാദത്തിൽ 24,750 കോടി രൂപയുടെ മൊത്ത വരുമാനം നേടി ഐടി കമ്പനിയായ വിപ്രോ. മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 9.1 ശതമാനമാണ് വളർച്ച. കമ്പനിയുടെ ലാഭം 3,200 കോടി രൂപയായി. ഐടി സർവീസസ് വിഭാഗത്തിന്റെ വരുമാനം 261.15 കോടി ഡോളറിലെത്തി. സ്ഥിര കറൻസി അടിസ്ഥാനത്തിൽ വാർഷിക വളർച്ച 0.6 ശതമാനമാണ്. പ്രവർത്തന ലാഭ മാർജിൻ മുൻപാദത്തെ അപേക്ഷിച്ച് 0.5 ശതമാനം വർധിച്ച് 16.5 ശതമാനമായി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സേവനങ്ങളിലും കൺസൾട്ടിങ് രംഗത്തുമുള്ള നിക്ഷേപങ്ങൾ പുതിയ വിപണികളിലും ഉപഭോക്താക്കളിലും വളർച്ച നേടാൻ സഹായിക്കുന്നതായി വിപ്രോ സിഇഒയും മാനേജിങ് ഡയറക്ടറുമായ ശ്രീനി പല്ലിയ പറഞ്ഞു.



# ട്രാക്ക് ഡേ സംഘടിപ്പിച്ച് ഫോക്സ്‌വാഗൺ

**കൊച്ചി:** ഫോക്സ്‌വാഗൺ ഇന്ത്യയുടെ ആദ്യ ഫോക്സ്‌വാഗൺ എക്സ്പീരിയൻസസ് ട്രാക്ക് ഡേ കോയമ്പത്തൂരിലെ കോസ്റ്റ് റേസ് ട്രാക്കിൽ സംഘടിപ്പിച്ചു. നൂറിലധികം വാഹന ഉടമകളും വാഹനപ്രേമികളും പങ്കെടുത്ത പരിപാടിയുടെ രജിസ്ട്രേഷൻ ഒരു ദിവസത്തിലധികം സമയത്തിനുള്ളിൽ പൂർത്തിയായി. രണ്ട് ദിവസങ്ങളിലായി നടന്ന പരിപാടിയിൽ ഗോൾഫ് ജിടിഐ, വിർട്ടസ് ജിടി, ടൈഗൺ ജിടി, പോളോ ജിടി, ടെയ്റോൺ ആർലൈൻ, ടിഗുവാൻ ആർലൈൻ മോഡലുകളുടെ ഉടമകൾ പങ്കെടുത്തു. സുരക്ഷിതമായ റേസ് ട്രാക്കിൽ വാഹനങ്ങളുടെ പ്രകടനം അനുഭവിക്കാനും മറ്റ് വാഹനപ്രേമികളുമായി സംവദിക്കാനും അവസരം ലഭിച്ചു. ഫോക്സ്‌വാഗന്റെ ജിടി പാരമ്പര്യവും ഡ്രൈവിങ് ആവേശവും ആഘോഷിക്കുന്ന പരിപാടി രാജ്യത്തെ വാഹനപ്രേമികൾക്കായി കൂടുതൽ അനുഭവങ്ങൾ ഒരുക്കുന്നതിനുള്ള തുടക്കമാണെന്ന് കമ്പനി അറിയിച്ചു.